(ബി&സി)

നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം (പഞ്ചായത്ത്/മുനിസിപ്പാലിറ്റി)	അപേക്ഷ സ്വീകരിച്ചത്	കണക്ഷൻ നൽകിയത്
1	കരവാളൂർ	306	236
2	ഇടമുളയ്ക്കൽ	943	336
3	അഞ്ചൽ	150	-
4	ഇളമാട്	646	-
5	ഉമ്മന്നൂർ	379	-
6	വെളിയം	683	-
7	പൂയപ്പള്ളി	405	339
8	നെടുമ്പന	1345	6
9	ചിറക്കര, ചാത്തന്നൂർ	2409	2192
10	പൂതക്കുളം	565	-
11	മയ്യനാട്(1) ആദിച്ചനെല്ലൂർ (പാർട്ട്)	195	-
12	മയ്യനാട് (2)	521	10
13	പരവൂർ മുനിസിപ്പാലിറ്റി	866	-
	ആകെ	9413	3119

ശേഷിക്കുന്ന അപേക്ഷകർക്ക് 2017 ഫെബ്രുവരിക്കുള്ളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിതമായ നിരക്കിൽ കുടിവെള്ളം പദ്ധതി

190(891) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം മിതമായ നിരക്കിൽ കുപ്പികളിലും പായ്ക്കറ്റിലും ആയി ലഭ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജല അതോറിറ്റിയുടെ കീഴിൽ ഓരോ ജില്ലയിലും ജലലഭ്യത കുറഞ്ഞ കേന്ദ്രങ്ങളിൽ ഇത്തരത്തിലുള്ള പ്ലാന്റുകളും യൂണിറ്റുകളും സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുരക്ഷിതമായ കുടിവെള്ളം എല്ലാകാലത്തും സംസ്ഥാനത്തുടനീളം ഗുണമേന്മ ഉറപ്പാക്കിയും മിതമായ നിരക്കിലും ലഭ്യമാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മലങ്കര ഡാമിനോട് ചേർന്ന സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ കെ.ഐ.ഐ.ഡി.സി.-ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം കെ.ഐ.ഐ.ഡി.സി. തൊടുപുഴയിലെ പ്രാഞ്ചിയിൽ ഒരു ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കുപ്പികൾ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ഫാക്ടറി നിർമ്മിക്കുകയും അതിൽനിന്നും 2015 ആഗസ്റ്റ് 24-ാം തീയതി മുതൽ പൊതുജനങ്ങൾക്ക് ഒരു ലിറ്ററിന്റെ ഒരു കുപ്പിക്ക് 15 രൂപ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കി വരുകയാണ്. കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മിതമായ നിരക്കിലുള്ള കുപ്പിവെള്ളത്തിന്റെ ലഭ്യത സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലും വ്യാപകമായി എത്തിക്കാനായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ സ്ഥലത്ത് പുതിയൊരു ഫാക്ടറി തുടങ്ങുന്നതിനായി വേണ്ട സ്ഥലം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ജലനിധി ഒന്നാംഘട്ടം പൂർത്തിയാക്കാൻ കർമ്മ പദ്ധതി

191(892) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടം നടപ്പിലാക്കിയത് 2001-2008 കാലയളവിലാണ്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.